# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.527

## 29/10/2019 ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ബി. സത്യൻ | ഡോ. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

<table>
<tr><th></th><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്ര രൂപയാണ് ക്ഷേമപെൻഷനായി ഓരോ ഗുണഭോക്താവിനും ലഭിച്ചിരുന്നതെന്നും പെൻഷനുകൾ എന്തെല്ലാമെന്നും നൽകിയിരുന്ന തുക എത്ര വീതമെന്നും വ്യക്തമാക്കുമോ;</td><td>ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷനായി നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>പെൻഷൻ ഇനം</th><th>പെൻഷൻ ഉപവിഭാഗം</th><th>തുക (രൂപ)</th></tr>
<tr><td rowspan="2">1.</td><td rowspan="2">ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</td><td>പ്രായം 75 വയസ്സിന് മുകളിൽ</td><td>1500</td></tr>
<tr><td>പ്രായം 75 വയസ്സ് വരെ</td><td>600</td></tr>
<tr><td rowspan="2">2</td><td rowspan="2">ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ</td><td>80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ</td><td>1100</td></tr>
<tr><td>80% ത്തിനു താഴെ വൈകല്യമുള്ളവർ</td><td>800</td></tr>
<tr><td>3</td><td>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ</td><td></td><td>800</td></tr>
<tr><td>4</td><td>കാർഷിക തൊഴിലാളി പെൻഷൻ</td><td></td><td>600</td></tr>
<tr><td>5</td><td>50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ</td><td></td><td>800</td></tr>
</table>
ക്ഷേമനിധി ബോർഡ് പെൻഷനുകൾ വ്യത്യസ്ത നിരക്കായിരുന്നു.</td></tr>
</table>

| | | |
|---|---|---|
| (ബി) | ഈ സർക്കാർ എത്ര തവണ തുക വർദ്ധിപ്പിച്ച് നൽകിയെന്നും ഓരോ പെൻഷനും എത്ര വീതമാണ് വർദ്ധിപ്പിച്ചതെന്നും വിശദമാക്കുമോ; | ഈ സർക്കാർ ഓരോ തവണയും വർദ്ധിപ്പിച്ച് നൽകിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും ഈ സർക്കാർ 01.06.2016 ൽ 1000 രൂപയായും, 01.04.2017 ൽ 1100 രൂപയായും, 01.04.2019 ൽ 1200 രൂപയായും ഉയർത്തിയിട്ടുണ്ട്.കൂടാതെ അതിനേക്കാൾ ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങാൻ അനുവദിച്ചിരുന്നു. കൂടാതെ 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21.02.2018 മുതൽ പെൻഷൻ തുക 1100 രൂപയിൽ നിന്നും 1300 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര മാസത്തെ പെൻഷൻ തുകയാണ് വിതരണം ചെയ്യാതെ കുടിശ്ശികയുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവുകളിലായി 1473.67 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല. അതു പോലെ ക്ഷേമനിധി പെൻഷൻ കുടിശ്ശികയ്ക്കും ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല. |
| (ഡി) | നിലവിൽ ഏതു മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കാമോ; | നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവ അവസരങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി പെൻഷനും വിതരണം ചെയ്ത് വരുന്നത് . ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട് ഇത് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി പെൻഷനും കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ